# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത* *11/06/2018-ലെ മറുപടി*

*ചോദ്യം നമ്പർ : T 2116*

## *സംസ്ഥാന ജലപാത നിർമ്മാണം*

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. നൗഷാദ് | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| (എ) സംസ്ഥാന ജലപാതയായ കൊല്ലം - തിരുവനന്തപുരം ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) കൊല്ലം – തിരുവനന്തപുരം ജലപാതയിൽ കൊല്ലം ഭാഗത്ത് വെസ്റ്റ്കോസ്റ്റ് കനാലിന്റെ ഭാഗമായ കൊല്ലം തോടിന്റെ (ടി.എസ്.കനാൽ) നവീകരണപ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. റീച്ച് 1,4,5 എന്നിവയിലെ പുനരുദ്ധാരണ പ്രവൃത്തികൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വളരെ കുറവായതിനാൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ തീരുമാനിക്കപ്പെടുകയും അതിനെതിരെ ഉപകരാറുകാരൻ കോടതിയെ സമീപിക്കുകയുമുണ്ടായി. കോടതി വിധിപ്രകാരം പരാതിക്കാരനെ നേരിൽ കേൾക്കുകയും കരാറുകാർ നൽകിയ ഉറപ്പിന്മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 31/10/2018 വരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതുമാണ്. ടി കനാലിന്റെ 3-ാം റീച്ചിലെ പണികൾ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുണ്ട്. 2-ാം റീച്ചിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 6-ാം റീച്ച് പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. നടയറ കായൽ മുതൽ അഞ്ച് തെങ്ങ് കായൽ വരെയുള്ള ചില റീച്ചുകളിൽ പ്രവൃത്തികൾ നടന്നു വരുന്നു. അതിൽ ശിവഗിരി ചെറിയ ടണലിന്റെ അറ്റകുറ്റപണികളും ഉൾപ്പെടുന്നു. അഞ്ച്തെങ്ങ് കായൽ മുതൽ കഠിനംകുളം കായൽ വരെ ഏകദേശം 5.9 കി.മി ദൂരം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 1.10 കി.മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾ |

അടിയന്തിരമായി നവീകരിക്കുന്നതിനും ജലപാതാ നവീകരണത്തിന്റെ ഭാഗമായി പുതിയ ടണൽ നിർമ്മിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. കഠിനംകുളം കായൽ മുതൽ ആക്കുളം കായൽ വരെ ടി. എസ്. കനാലിന്റെ ഏകദേശം 3.28 കി. മീ. ദൂരം ഭാഗികമായി ഗതാഗതയോഗ്യമാണ്. ചെ.16.09 കി.മീ. മുതൽ 17.77 കി.മീ. വരെയുള്ള പ്രവൃത്തി പുരോഗമിക്കുന്നു. KIIFB ധനസഹായത്തോടെ പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി KWIL എന്ന പൊതുമേഖലാ സ്ഥാപനം മുഖേന നടപ്പാക്കി വരുന്നു.

**(ബി)** പ്രസ്തുത ജലപാത എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

**(ബി)** പ്രസ്തുത ജലപാത ഒന്നാം ഘട്ട വികസനം പൂർത്തിയാകുന്ന മുറയ്ക്ക് 2020 മെയ് മാസത്തിൽ ഗതാഗതയോഗ്യമാക്കാനാണ് തീരുമാനം.

**(സി)** സംസ്ഥാന ജലപാതയുടെ നിർമ്മാണത്തിനായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

**(സി)** വെസ്റ്റ് കോസ്റ്റ് കനാലിന്റെ വിവിധ ഭാഗങ്ങളിലെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷനിൽ നിന്നും വിവിധ പ്രവൃത്തികൾക്കായി 72.05 കോടി രൂപ അനുവദിച്ചിരുന്നു. അതിൽ 61.2534 കോടി രൂപ ചിലവഴിച്ചു. അതിൽ 3.82 കോടി രൂപ കൊല്ലം–തിരുവനന്തപുരം ഭാഗത്തെ പ്രവൃത്തികൾക്കായി ചിലവഴിച്ചിട്ടുണ്ട്.

**(ഡി)** പ്രസ്തുത ജലപാതയുടെ നിർമ്മാണപ്രവർത്തനങ്ങൾ കരാർ എടുത്തിരിക്കുന്ന വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ എതിരെ നിബന്ധനകൾ പാലിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും വിധത്തിലുള്ള ശിക്ഷാനടപടികൾ / നിയമ നടപടികൾ സ്വീകരിയ്ക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**(ഡി)** കൊല്ലം-തിരുവനന്തപുരം സംസ്ഥാന ജലപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട തിരുവനന്തപുരം വർക്കല ഭാഗങ്ങളിലായി 9 പ്രവൃത്തികളുടെ കരാറുകൾ കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തിട്ടുള്ളതും ഇതിനെതിരെ കരാറുകാർ ബഹു. ഹൈക്കോടതി മുൻപാകെയും തിരുവനന്തപുരം ജില്ലാകോടതി മുൻപാകെയും കേസ് ഫയൽ ചെയ്തിട്ടുള്ളതുമാകുന്നു. കേസ് സംബന്ധിച്ച തുടർ നടപടികൾ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**